മാസം ഇരുപത്തിയഞ്ചു് (25) രൂപവീതം ബോർഡിംഗ് അലവൻസ്, ആണ്ടിൽ ഇരുപതുരൂപവീതം ഡ്രസ് അലവൻസ് ഇവകൊണ്ടുപുറമേ വീടുകളിൽനിന്നും സ്കൂളുകളിലേക്കുള്ള യാത്രക്കൂലി, സ്കൂളിലേക്കാവശ്യമുള്ള ഉപകരണങ്ങളും വാങ്ങാൻ അലവൻസ് ഇവകൂടി 900 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്കു നൽകുന്നുണ്ടു്. ഇതിന്റെ പകുതി ആനുകൂല്യങ്ങളും 900 രൂപയ്ക്കും 2,400 രൂപയ്ക്കും ഇടക്കു് വാർഷികവരുമാനമുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്കു് ലഭിക്കും.

(ഡി) ഉണ്ടു്.

(ഈ) കുന്നംകുളം അന്ധ-ബധിര-മൂക വിദ്യാലയത്തിലെ കുട്ടികളും 1962–ൽ ഗവണ്മെന്റിനു സമർപ്പിച്ച നിവേദനത്തിലെ പ്രധാന അപേക്ഷകളും അവക്കു നൽകുന്ന ബോർഡിംഗ് അലവൻസുപയോഗിച്ചു് പരിചാരകക്കു് ശമ്പളം നൽകുന്ന ഏർപ്പാടു നിർത്തലാക്കണം, ആഴ്ചയിൽ രണ്ടുതവണ വൈദ്യപരിശോധന ഏർപ്പെടുത്തണം, ഹോസ്റ്റൽ റേഡിയോ നന്നാക്കണം, അവർക്കു കിട്ടാനുള്ള കുടിശ്ശിക അലവൻസ് താമസിയാതെ നൽകണം എന്നിവയായിരുന്നു. ഗവണ്മെന്റു് ഇവയ്ക്കൊക്കെ വേണ്ട ആശ്വാസനടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ടു്.

വിദ്യാർത്ഥികളും ഈയിടെ സമർപ്പിച്ച മറ്റൊരപേക്ഷയിൽ ബോർഡിംഗ് അലവൻസ് വർദ്ധിപ്പിക്കണമെന്നും ഹോസ്റ്റലിൽ കൂടുതൽ പരിചാരകരെ നിയമിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ അപേക്ഷയെപ്പറ്റി വിദ്യാഭ്യാസ ഡയറക്ടരുടെ അഭിപ്രായം ഗവണ്മെന്റു് ആരാഞ്ഞിരിക്കുകയാണു്.

ട്രാൻസ്പോർട്ട് ഉന്നതതല കമ്മിറ്റി.

* 210. [50] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഉന്നതതല കമ്മിറ്റി എന്നാണു് സംഘടിപ്പിച്ചതു് ; പ്രവർത്തനം എന്നാണു് ആരംഭിച്ചതു് ;

(ബി) ആ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞുവോ ;

(സി) പ്രസ്തുത കമ്മിറ്റിക്കു് വേണ്ടി ഒട്ടാകെ എത്ര ചെലവു വഹിക്കേണ്ടിവരും ;

(ഡി) കമ്മിറ്റിയിൽ ആരൊക്കെയുണ്ടു് ; എവിടെയെല്ലാം കമ്മിറ്റി തെളിവെടുക്കാൻ സഞ്ചരിച്ചു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 30–7–1963–ൽ കമ്മിറ്റിയെ നിയമിച്ചു. ആഗസ്റ്റുമാസം ആദ്യവാരത്തിൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഇല്ല.

(സി) 48,000 ക.യോളം വേണ്ടിവരും.

(ഡി) ശ്രീ. കെ. സി. മാത്യു, റിട്ടയർഡു് ഡിസ്ട്രിക്റ്റു് ജഡ്ജു് ചെയർമാനും, ശ്രീ. ടി. ആർ. വേലുണ്ണി, റിട്ടയർഡു് ഡിസ്ട്രിക്റ്റു് മജിസ്ട്രേട്ടു്, ശ്രീ. ടി. കെ. ഗോപാലകൃഷ്ണപണിക്കർ, കോട്ടയം മുനിസിപ്പൽ ചെയർമാൻ എന്നിവർ മെംബർമാരും ആണു്. തെളിവെടുക്കുന്നതിനും മറ്റും കമ്മിറ്റി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, മൂന്നാർ, വണ്ടൻമേടു്, ബോഡിമേടു്, കുമിളി, വണ്ടിപ്പെരിയാർ, ആലുവാ, എറണാകുളം, തൃശ്ശൂർ, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ, മൈസൂർ, മദ്രാസു്, ബോംബെ, മധുര മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly